പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 8033 24.07.2012 -ലെ മറുപടി

തിരുവല്ല കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

| ചോദ്യം<br>ശ്രീ. മാത്യു റ്റി. തോമസ് | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ്-കം-ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണം ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി. നിർവ്വഹിക്കുന്നതിനുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (എ) | 23.01.2010 -ലെ G.O (MS) 5/2010/Tran എന്ന നമ്പരിലുള്ള സർക്കാർ ഉത്തരവുപ്രകാരമാണ് തിരുവല്ലയിലെ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സിന്റെ നിർമ്മാണപ്രവർത്തനം നടത്തുന്നത്. ഈ ഉത്തരവ് പ്രകാരം 35 കോടി രൂപയ്ക്കുള്ള ഭരണാനുമതിയാണു ഈ പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. കരാറിലെ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന അനുമതി ഉത്തരവ് അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ബി.ഒ.ടി. കരാറിൽ എന്തെങ്കിലും സ്വകാര്യ പങ്കാളിത്തമുണ്ടോ; | (ബി) | ഇല്ല. |
| (സി) | കെ.റ്റി.ഡി.എഫ്.സി. നിർമ്മാണം ഏൽപ്പിച്ചിരിക്കുന്നത് ഏത് കരാറുകാരെയാണ്; എന്തടിസ്ഥാനത്തിലാണ് കരാർ ഏൽപ്പിച്ചത്; വിശദമാക്കുമോ; | (സി) | സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ മുംബൈലുള്ള നരേഷ് ട്രേഡേഴ്സ് എന്ന കമ്പനിയേയും ഇലക്ട്രിക് ജോലികൾ എറണാകുളത്തുള്ള നാഷണൽ ഇലക്ട്രിക് എന്ന കമ്പനിയേയുമാണു ഏല്പ്പിച്ചിരിക്കുന്നത്.<br>എസ്കലേറ്ററിനും എലിവേറ്ററിനുമുള്ള ടെൻഡർ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.<br>മൽസരസ്വഭാവമുള്ള ഇ-ടെൻഡറിംഗ് അടിസ്ഥാനത്തിലാണ് കരാറുകൾ നിശ്ചയിച്ചിട്ടുള്ളത്. ഈ സമ്പ്രദായത്തിൽ ടെക്നിക്കൽ ബിഡും പ്രൈസ് ബിഡും നിശ്ചിത സമയത്തിനു മുൻപായി ഇ-ടെൻഡറിംഗ് മുഖേന സമർപ്പിക്കുന്നു. നിശ്ചിത സമയത്ത് ടെക്നികൽ ബിഡ് തുറന്നു പരിശോധിക്കുകയും മുൻപരിചയത്തിന്റെയും സാമ്പത്തിക ശേഷിയുടെയും, ആവശ്യാനുസരണം യന്ത്രസാമഗ്രികളും മറ്റും നിയോഗിക്കുന്നതിനുള്ള കഴിവിന്റെയും അടിസ്ഥാനത്തിൽ മുൻ കൂട്ടി |

| | | | |
|---|---|---|---|
| | | | നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം ടെൻഡറിൽ പങ്കെടുക്കുവാനുള്ള യോഗ്യത നിശ്ചയിക്കുകയും ചെയ്തു. യോഗ്യതയുള്ള ടെൻഡറുകാരുടെ പേരുവിവരം ഇ-ടെൻഡർ സൈറ്റിൽ കൊടുത്തുകഴിഞ്ഞാൽ നിശ്ചിത സമയത്ത് യോഗ്യതയുള്ളവരുടെ മാത്രം പ്രൈസ് ബിഡുകൾ തുറക്കാൻ കഴിവുള്ള സോഫ്റ്റ്‌വെയറാണു ഇ-ടെൻഡറിംഗിനു ഉപയോഗിക്കുന്നത്. ആ ഘട്ടത്തിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിട്ടുള്ള സ്ഥാപനം ഏതെന്ന് അറിയുവാൻ കഴിയും. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്തിട്ടുള്ള ടെൻഡററുമായി നെഗോഷിയേറ്റ് ചെയ്തതിനു ശേഷം ഗവൺമെന്റ് അനുമതിയോടുകൂടി കരാർ ഏല്പ്പിക്കുന്നു. |
| (ഡി) | സെല്ലാർ ഫ്ളോർ നിർമ്മിക്കുന്നതിന് മണ്ണ് നീക്കം ചെയ്യുവാൻ എന്തെങ്കിലും തുക ചെലവായിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | നീക്കം ചെയ്ത മണ്ണിന് എന്തെങ്കിലും തുക ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; | (ഇ) | ടെൻഡർ ഷെഡ്യൂൾ പ്രകാരം മൊത്തം 37800 ക്യൂ.മി. മണ്ണ് നീക്കം ചെയ്യേണ്ടതുണ്ട്. അതിൽ 7500 ക്യൂ.മി. വീണ്ടും നിർമ്മാണ സ്ഥലത്തുതന്നെ ഫില്ലിംഗ് ജോലികൾക്ക് ആവശ്യമുണ്ട്. മിച്ചമുള്ള മണ്ണ് ക്യു.മി -നു 85.10 രൂപ നിരക്കിൽ ഈടാക്കുവാനാണ് കരാർ വ്യവസ്ഥ. ഇതുപ്രകാരം ഇതുവരെയായി മണ്ണിന്റെ വിലയായി 26 ലക്ഷം രൂപ ഈടാക്കിയിട്ടുണ്ട്. |
| (എഫ്) | മണ്ണ് നീക്കം ചെയ്യുന്നത് സംബന്ധിച്ച് ആരെങ്കിലും പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതിയുടെ വിശദാംശങ്ങളും ആയത് സംബന്ധിച്ച ഗതാഗത വകുപ്പിന്റെ നിലപാടും വ്യക്തമാക്കുമോ; | (എഫ്) | 23.08.2011 തീയതിയിൽ യൂത്ത്ഫ്രണ്ട് (M) പത്തനംതിട്ട ജില്ലാ കമ്മിറ്റിക്കു വേണ്ടി ജില്ലാ പ്രസിഡന്റ് ശ്രീ. സ്മിജു ജേക്കബ് ബഹു. കേരളാ മുഖ്യമന്ത്രിക്ക് പരാതി സമർപ്പിച്ചതായി കാണുന്നു. ഈ പരാതിയിൽ ബസ് ടെർമിനൽ പണിയുന്ന സ്ഥലത്ത് മണ്ണെടുപ്പുമായി ബന്ധപ്പെട്ട് കോടിക്കണക്കിനു രൂപയുടെ അഴിമതി നടന്നതായി ആരോപിച്ചിട്ടുണ്ട്.<br>പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |
| (ജി) | കെ.ടി.ഡി.എഫ്.സി.യോ ഗതാഗതവകുപ്പോ ഇത് സംബന്ധിച്ച് നൽകിയ വിശദീകരണത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ജി) | കെ.ടി.ഡി.എഫ്.സി.യിൽ നിന്നും ഗതാഗത വകുപ്പിലേക്ക് അയച്ച വിശദമായ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**